പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2780** | **18/06/2018-ൽ മറുപടിയ്ക്ക്**

**ചോദ്യം** | **ഉത്തരം**

**ശ്രീ.എൻ.എ. നെല്ലിക്കുന്ന്** | **പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

**പ്രൈമറി - അപ്പർ പ്രൈമറി വിഭാഗത്തിലെ അധ്യാപക നിയമനം**

(എ) സംസ്ഥാനത്ത് സർക്കാർ - എയ്ഡഡ് സ്കൂളുകളിൽ അപ്പർ പ്രൈമറി - പ്രൈമറി വിഭാഗത്തിലായി നിലവിൽ എത്ര അധ്യാപകരുടെ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(എ) **സർക്കാർ സ്കൂളുകളുടെ വിവരം**

| ക്രമ നം. | ജില്ല | എൽ.പി.എസ്.ടി | യു.പി.എസ്.ടി |
|---|---|---|---|
| 1. | തിരുവനന്തപുരം | 141 | 66 |
| 2. | കൊല്ലം | 261 | 75 |
| 3. | പത്തനംതിട്ട | 135 | 17 |
| 4. | ആലപ്പുഴ | 85 | 43 |
| 5. | കോട്ടയം | 88 | 27 |
| 6. | ഇടുക്കി | 72 | 30 |
| 7. | എറണാകുളം | 156 | 74 |
| 8. | തൃശ്ശൂർ | 150 | 80 |
| 9. | പാലക്കാട് | 218 | 129 |
| 10. | മലപ്പുറം | 668 | 229 |
| 11. | കോഴിക്കോട് | 232 | 78 |
| 12. | വയനാട് | 120 | 40 |
| 13. | കണ്ണൂർ | 71 | 48 |
| 14. | കാസർഗോഡ് | 328 | 149 |
| | **ആകെ** | **2725** | **1085** |

**എയ്ഡഡ് സ്കൂളുകളുടെ വിവരം**

എയ്ഡഡ് സ്കൂളുകളിൽ നിലവിലുള്ളതും

| | |
|---|---|
| | അല്ലാത്തതുമായ തസ്തികകളിൽ നിയമനം നടത്തിയിട്ടുള്ളതിനാൽ ഒഴിവുകൾ സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമല്ല. |
| (ബി) 2014 ൽ അപേക്ഷ ക്ഷണിച്ച എൽ.പി.എസ്.എ. പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) 2014 ലെ എൽപിഎസ്എ യുടെ ഇന്റർവ്യൂ നടന്നുകൊണ്ടിരിക്കുന്നതായി പി.എസ്.സി. യിൽ നിന്നും തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറും, ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചതായി കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറും അറിയിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ നിന്ന് മേൽ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) എൽ.പി.എസ്.എ. തസ്തികയിൽ പി.എസ്.സി. മുഖേനയുള്ള നിയമനം നടക്കാത്തതിനാലുള്ള പ്രശ്നങ്ങൾ സ്ഥലം മാറ്റ ഉത്തരവിലൂടെയാണ് പരിഹരിക്കുന്നതെന്ന ആക്ഷേപം ശരിയാണോയെന്ന് വ്യക്തമാക്കാമോ; | (സി) ശരിയല്ല. പി.എസ്.സി. നിയമനങ്ങൾ നടക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ സ്ഥലം മാറ്റ ഉത്തരവ് മുഖേന പരിഹരിക്കാൻ കഴിയുകയില്ല. സ്ഥലംമാറ്റം അനുവദിച്ചാലും ഒഴിവുകളുടെ എണ്ണം അതേ പടി നിലനിൽക്കും. താൽക്കാലിക പരിഹാരത്തിനായി സർക്കാർ ഉത്തരവ് പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കും. |
| (ഡി) എയ്ഡഡ് സ്കൂളുകളിൽ പ്രൈമറി - അപ്പർ പ്രൈമറി വിഭാഗത്തിൽ നിലവിൽ എത്ര അധ്യാപകരുടെ നിയമനത്തിന് അംഗീകാരം നൽകാൻ ബാക്കിയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; അംഗീകാരം വൈകാനുള്ള കാരണവും വ്യക്തമാക്കാമോ; | (ഡി) മാനേജർമാർ നിലവിലുള്ളതും അല്ലാത്തതുമായ തസ്തികയിൽ നിയമനം നടത്തിയിട്ടുള്ളതിനാലും അധിക തസ്തികകളിലെയും പുതിയ വിഭാഗം സ്കൂളുകളിലെയും നിയമനം സംബന്ധിച്ച് തൽസ്ഥിതി തുടരാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവായിട്ടുള്ളതിനാലും നിയമനാംഗീകരം നൽകാൻ കഴിയാത്ത വളരെയധികം കേസുകൾ ഉണ്ട്. |
| (ഇ) എയ്ഡഡ് സ്കൂളുകളിൽ ഡിവിഷൻ വർദ്ധനയും സ്ഥലസൗകര്യവും ഉണ്ടെങ്കിൽ പോലും നിയമനം പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം സ്കൂളുകളിൽ പുതിയ നിയമനം നടത്തിയാൽ അംഗീകാരം നൽകുമോ; വ്യക്തമാക്കാമോ? | (ഇ) അധിക തസ്തികകളുടെ നിയമനം സംബന്ധിച്ച ജി.ഒ.(പി) നം. 199/16 തീയതി 03/12/2016 ബഹു. ഹൈക്കോടതി തൽസ്ഥിതി തുടരാൻ ഉത്തരവായിട്ടുള്ളതിനാൽ പുതിയ തസ്തികകളിലെ നിയമനം അംഗീകരിക്കാൻ കഴിയാത്ത സ്ഥിതിയാണ് നിലവിൽ ഉള്ളത്. |



സെക്ഷൻ ഓഫീസർ